

# നോമ്പ് മൂന്നാം തിങ്കൾ (മർക്കോ 9:33-41)

പണവും സ്ഥാനമാനങ്ങളുമാണ് ഭൂമിയിലെ പ്രഥമസ്ഥാനീയന്റെ ലക്ഷണങ്ങളെങ്കിൽ സ്വർഗരാജ്യത്തിലെ വലിയവന്റെ ഗുണസവിശേഷതകൾ പറഞ്ഞു തരികയാണ് ഇന്നത്തെ സുവിശേഷഭാഗം. എളിമയാണ് സ്വർഗരാജ്യത്തിലെ വലിയവന്റെ ലക്ഷണമെന്ന് ഈശോ വ്യക്തമാക്കുന്നു. ശുശ്രൂഷിക്കപ്പെടുക എന്നതല്ല ശുശ്രൂഷിക്കുക എന്നതാണ് ഓരോ ക്രൈസ്തവന്റെയും വിളി. ഈശോയുടെ നാമത്തിൽ ഒരു ശിശുവിനെ സ്വീകരിക്കുന്നവൻ ഈശോയെ തന്നെയാണ് സ്വീകരിക്കുന്നത്. ഈശോമിശിഹായെപ്രതി നമ്മൾ ചെയ്യുന്ന ത്യാഗപ്രവർത്തികൾക്ക് പ്രതിഫലം ലഭിക്കുമെന്ന് ഈശോ ഉറപ്പുനല്കുന്നു. ദൈവത്തിന്റെ മഹത്വത്തിന്റെ സമ്പന്നതയിൽനിന്ന് മിശിഹാവഴി നമുക്ക് ആവശ്യമുള്ളതെല്ലാം നൽകുമെന്നാണ് പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ നമ്മെ ഓർമിപ്പിക്കുന്നത്. 'എന്റെ കഴിവുകൾകൊണ്ടല്ല എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും' എന്ന ചിന്തയോടെ എളിമയുള്ളവരായി സ്വർഗരാജ്യത്തിലെ വലിയവരാകാൻ ഈ നോമ്പുകാലത്തു നമുക്ക് ശ്രമിക്കാം.

തയ്യാറാക്കിയത്,
ബ്രദർ ജോബി പനച്ചിക്കൽ
14-03-2022

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

Read more: wwwsyromalabarliturgy.org